**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2841** **13-10-2021 - ൽ മറുപടിയ്ക്ക്**

**കനോലി കനാലിന്റെ ആഴം കൂട്ടുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് കോർപ്പറേഷനിലെ വെള്ളക്കെട്ട് ഒഴിവാക്കാനായി കനോലി കനാലിന്റെ ആഴം കൂട്ടുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; | (എ) | കനോലി കനാലിന്റെ ആഴം കൂട്ടുന്ന പ്രവർത്തി 2019-ൽ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)-ന്റെ നേതൃത്വത്തിൽ ഭാഗികമായി നടപ്പിലാക്കി യിട്ടുണ്ട്. കനാലിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങളും കുളവാഴയും കനാൽ ഭിത്തികളിൽ വളർന്നു പന്തലിച്ച നിൽക്കുന്ന ചെടികളും കനാലിലൂടെയുള്ള ഒഴുക്കിന് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനായി 2021-22 വർഷത്തിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് സാമ്പത്തികാനുമതി നൽകിയ പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പൂനൂർ പുഴയിൽ നിന്നും വേങ്ങേരി, ചേവായൂർ, കക്കോടി, ചെലവൂർ വില്ലേജുകളിൽപ്പെട്ട പ്രദേശങ്ങളിൽ വെള്ളം കയറുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പൂനൂർ പുഴയിൽ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തെ തുടർന്ന് സമീപ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ഉചിതമായ തുടർനടപടികൾ നിർദ്ദേശിക്കുന്നതിനും പൂനൂർ പുഴയുടെ ആഴം കുറഞ്ഞത് സംബന്ധിച്ചും ഉള്ള പഠനം കോഴിക്കോട് CWRDM മുഖേന നടന്നു വരുന്നുണ്ട്. |
| (സി) | പൂനൂർ പുഴയുടെ ഭിത്തികൾ ഇടിഞ്ഞ് ആഴം കുറഞ്ഞത് സംബന്ധിച്ച് സി.ഡബ്ളിയു.ആർ.ഡി.എം മുഖാന്തരം പഠനം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | പൂനൂർ പുഴയിൽ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തെ തുടർന്ന് സമീപ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ഉചിതമായ തുടർനടപടികൾ നിർദ്ദേശിക്കുന്നതിനും പൂനൂർ പുഴയുടെ ആഴം കുറഞ്ഞത് സംബന്ധിച്ചും ഉള്ള പഠനം കോഴിക്കോട് CWRDM മുഖേന നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ